**പതിമൂന്നാംകേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1212 13.06.2013 - ൽ മറുപടിക്ക്**

## ദേശീയപാതയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
|---|---|
| (എ) ഈ സാമ്പത്തിക വർഷം ദേശീയ പാതയിൽ ഏതെല്ലാം സ്ഥലങ്ങളിൽ ഫ്ളൈ ഓവർ നിർമ്മിക്കാൻ ബഡ്ജറ്റിൽ പണം വകയിരുത്തി യിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ഈ സാമ്പത്തിക വർഷം ദേശീയപാത 47 -ൽ ആലപ്പുഴ ബൈപ്പാസിനോട നുബന്ധിച്ച രണ്ടു റെയിൽവേ പാലങ്ങൾ ഉൾപ്പെടെ 1.30 കി.മീ. നീളത്തിൽ എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ പണം വകയിരുത്തിയിട്ടുണ്ട്. |
| (ബി) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ദേശീയപാതയിലെ പാലങ്ങളുടെയും ഫ്ളൈ ഓവറുകളുടേയും പേര് വിവരങ്ങളും എന്ത് തുക വീതം വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കുമോ; | (ബി) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ദേശീയപാതയിലെ പാലങ്ങളുടേയും ഫ്ളൈഓവറുകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-<br>1. കഴക്കൂട്ടം റെയിൽവേ മേൽപ്പാലം - 28.60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പാലം ദേശീയപാതയിൽ വരുന്നതല്ല. എന്നാൽ ദേശീയപാതാ വിഭാഗ മാണ് പ്രവൃത്തി ഏറ്റെടുത്തു നടത്തുന്നത്.<br>2. ദേശീയപാത 47 -ൽ ആലപ്പുഴ ബൈപ്പാസിലെ രണ്ടു റെയിൽവേ മേൽപ്പാലങ്ങളും എലിവേറ്റഡ് ഹൈവേയും - 50 കോടി രൂപ വകയിരുത്തിയിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം പാലങ്ങളുടെയും ഫ്ളൈ ഓവറുകളുടെ നിർമ്മാണത്തിന് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കപ്പെട്ടിട്ടുണ്ട്; ഓരോന്നിനും കണക്കാക്കപ്പെട്ട നിർമ്മാണച്ചെലവ് എത്ര; വ്യക്തമാക്കുമോ; | (സി) | 1. കഴക്കൂട്ടം റെയിൽവേ മേൽപ്പാലം - 28.60 കോടി രൂപ<br>2. ആലപ്പുഴ ബൈപ്പാസിലെ രണ്ടു റെയിൽവേപ്പാലങ്ങൾ ഉൾപ്പെടെയുള്ള എലിവേറ്റഡ് ഹൈവേ - 198 കോടി രൂപ |
| (ഡി) | നിർദ്ദിഷ്ട പ്രവൃത്തികൾ ഓരോന്നും എന്ന് ആരംഭിച്ച് എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; ഏതെല്ലാം നിലയിൽ പണം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്? | (ഡി) | കഴക്കൂട്ടം മേൽപ്പാലത്തിന് 28.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെയും ഇന്ത്യൻ റെയിൽവേയുടെയും പങ്കാളിത്തത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. രണ്ടു വർഷം കൊണ്ട് പ്രവൃത്തി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. ആലപ്പുഴ ബൈപ്പാസിലെ രണ്ടു റെയിൽവേ മേൽപ്പാലങ്ങളുടേയും എലിവേറ്റഡ് ഹൈവേയുടേയും പ്രവർത്തനങ്ങൾ 30 മാസത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആകെ 253.83 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ആകെ ചെലവാകുന്ന തുകയുടെ 50% കേന്ദ്രസർക്കാരും 50% സംസ്ഥാന സർക്കാരും വഹിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ